ഒരു പവന് കുറഞ്ഞത് 1000 രൂപ

തിരു: പശ്ചിമേഷ്യൻ യുദ്ധം നാണയപ്പെരുപ്പ സമ്മർദ്ദം ശക്തമാക്കിയതോടെ അമേരിക്ക വീണ്ടും പലിശ വർദ്ധിപ്പിച്ചേക്കുമെന്ന ആശങ്കയിൽ രാജ്യാന്തര വിപണിയിൽ സ്വർണ്ണ വില കുത്തനെ ഇടിഞ്ഞു. 10 വർഷ യുഎസ് ബോണ്ടുകളുടെ യീൽഡ് രണ്ട് പതിറ്റാണ്ടിനിടെയിലെ ഉയർന്ന തലത്തിലെത്തിയതോടെ നിക്ഷേപകർ സ്വർണത്തിൽ നിന്ന് വൻതോതിൽ പണം പിൻവലിച്ചതാണ് തിരിച്ചടിയായത്.

കേരളത്തിൽ 22 കാരറ്റ് സ്വർണത്തിന് ഗ്രാമിന് 125 രൂപയാണ് കുറഞ്ഞത്. ഒരു ഗ്രാമിന് 13,640 രൂപയാണ് ഇന്നത്തെ വിപണി വില. ഒരു പവന് 1000 രൂപ കുറഞ്ഞ് 1,09,120 രൂപയായി. ഇന്നലെ രണ്ടുതവണയായി പവന് 2640 രൂപ ഇടിഞ്ഞിരുന്നു. സെപ്തംബർ മാസത്തെ ഏറ്റവും കുറഞ്ഞ നിരക്കിലാണ് സ്വർണവില എത്തിനിൽക്കുന്നത്. ഇന്നലെ ഒരവസരത്തിൽ സ്വർണ വില ഔൺസിന് 150 ഡോളർ കുറഞ്ഞ് 4,130 ഡോളറിലെത്തിയിരുന്നു.

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം
Independent Daily
പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 62 ലക്കം: 171 2026 സെപ്തംബർ 29 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

മംഗലപുരവും അഞ്ചുതെങ്ങും യുഡിഎഫിന് നഷ്ടം; രമ്യ ഹരിദാസിന്റെ കയ്യാങ്കളി വിവാദം തിരിച്ചടിച്ചു

തിരു: യുഡിഎഫ് സർക്കാർ അധികാരമേറ്റശേഷം നടന്ന ആദ്യ ഉപതിരഞ്ഞെടുപ്പിൽ യുഡിഎഫിന് തിരിച്ചടി. കയ്യിലുള്ള പല സീറ്റുകളും എൽഡിഎഫിന് മുന്നിൽ അടിയറവ് വയ്ക്കേണ്ടിവന്നു. നിലനിറുത്തിയവയിലാകട്ടെ ഭൂരിപക്ഷവും കാര്യമായി കുറഞ്ഞു.

തലസ്ഥാന ജില്ലയിൽ വർഷങ്ങളായി എൽഡിഎഫിന്റെ കുത്തകയായിരുന്ന ചിറയിൻകീഴ് മണ്ഡലം ഇക്കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ രമ്യാഹരിദാസ് അട്ടിമറിയിലൂടെയാണ് പിടിച്ചെടുത്തത്. രമ്യയുടെ ജയം യുഡിഎഫ് കേന്ദ്രങ്ങൾപോലും പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ അധികാരമേറി കേവലം നൂറുദിവസം പിന്നിട്ടപ്പോൾ തന്നെ മണ്ഡലത്തിലെ ജനങ്ങൾ യുഡിഎഫിനെ കൈവിടുന്ന കാഴ്ചയാണ് കാണുന്നത്. മണ്ഡലത്തിലുൾപ്പെട്ട മംഗലപുരവും അഞ്ചുതെങ്ങും യുഡിഎഫിന് നഷ്ടമായി. രമ്യാഹരിദാസിന്റെ കയ്യാങ്കളി വിവാദമാണ് യുഡിഎഫിന് ഇവിടെ ശവക്കുഴി തോണ്ടിയത്. യുഡിഎഫ് നേതാക്കൾ തന്നെ ഇത് സമ്മതിക്കുന്നുമുണ്ട്.

ഒടുവിൽ റിപ്പോർട്ടുകിട്ടുമ്പോൾ തിരുവനന്തപുരം ജില്ലയിൽ എൽഡിഎഫിനാണ് മുൻതൂക്കം. വർക്കല ബ്ലോക്ക് പഞ്ചായത്തിലെ ഒറ്റൂർ ഡിവിഷനിലെ വിജയവും സിപിഎമ്മിനെ സംബന്ധിച്ചിടത്തോളം മിന്നും ജയമാണ്. ഇവിടെ സിപിഎം കൗൺസിലറായിരുന്ന സ്മിതാ സുന്ദരേശൻ നിയസഭാ തിരഞ്ഞെടുപ്പുവേളയിൽ പാർട്ടിയിൽ നിന്ന് പുറത്തുപോയി ബിജെപി സ്ഥാനാർത്ഥിയായി മത്സരിച്ചത് സിപിഎമ്മിന് കനത്ത തിരിച്ചടിയായിരുന്നു. ഉപതിരഞ്ഞെടുപ്പിൽ 925 വോട്ടുകൾ നേടിയാണ് എൽഡിഎഫ് ഡിവിഷൻ നിലനിറുത്തിയത്. എൽഡിഎഫ് സ്ഥാനാർത്ഥി 2622 വോട്ടുകൾ നേടിയപ്പോൾ രണ്ടാംസ്ഥാനത്തുള്ള എൻഡിഎ 1697 വോട്ടുകൾ നേടി. യുഡിഎഫിന് 1198 വോട്ടുകളേ നേടാനായുള്ളൂ.

സംസ്ഥാനത്തെ 38 തദ്ദേശ വാർഡുകളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിന്റെ ഫലം വന്നപ്പോൾ യുഡിഎഫിന് നേരിയ മുൻതൂക്കം.

19 സീറ്റ് യുഡിഎഫ് നേടിയപ്പോൾ 18 സീറ്റ് എൽ ഡി എഫിന് ലഭിച്ചു. ഒരു സീറ്റാണ് എൻ ഡി എ ക്ക് ലഭിച്ചത്. 6 എൽഡിഎഫ് സീറ്റുകൾ യുഡിഎഫ് പിടിച്ചെടുത്തു. റാന്നി ബ്ലോക്ക്, ഇടുക്കി മുട്ടം വാർഡ് 9, കോട്ടയം മീനടം ചീരംകുളം, ചങ്ങനാശേരി കുന്നന്താനം രണ്ടാംവാർഡ്, പാലക്കാട് ശ്രീകൃഷ്ണപുരം, തൃശൂർ ചേലക്കര, ഒൻപത് സീറ്റുകൾ നിലനിർത്തി: ചാലക്കുടി നഗരസഭ, തിരുവല്ല കുറ്റൂർ, പത്തനംതിട്ട അരുവാപ്പുലം കല്ലേലി, പാലക്കാട് പട്ടഞ്ചേരി. കരിമ്പ, എറണാകുളം വടക്കേക്കര, മലപ്പുറം വേങ്ങര,താനാളൂർ മൂലയ്ക്കൽ, ചേലക്കര, തൃശൂർ കുറ്റിച്ചിറ, തിരുവനന്തപുരം പഴയകട.

എറണാകുളം കോലഞ്ചേരി ഈസ്റ്റ് ട്വന്റി 20 നിലനിർത്തി

ഫലം വിശദമായി

തിരുവനന്തപുരം പഴയകട വാർഡ് കോൺഗ്രസ് നിലനിർത്തി. കോൺഗ്രസ് സ്ഥാനാർത്ഥി സി എസ് സുനിൽ 169 വോട്ടുകൾക്ക് വിജയിച്ചു. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പള്ളിക്കൽ ഡിവിഷനിൽ യുഡിഎഫ് സ്ഥാനാർഥി ലീല ഗോവിന്ദൻ 105 വോട്ടുകൾക്ക് മുന്നിൽ. റാന്നി പഞ്ചായത്ത് ബ്ലോക്ക് പടി വാർഡിൽ 5 വോട്ടിന്റെ ഭൂരിപക്ഷത്തിൻ യുഡിഎഫിലെ രമ്യ എം നായർ ജയിച്ചു. യുഡിഎഫ് അംഗം ജോലികിട്ടി രാജിവച്ച ഒഴിവിലായിരുന്നു ഇവിടെ തിരഞ്ഞെടുപ്പ്.

പാലക്കാട് പട്ടഞ്ചേരി പഞ്ചായത്തിൽ എൽഡിഎഫ് സ്ഥാനാർഥി ബിന്ദു കുമാരി 18 വോട്ടിന് വിജയിച്ചു. എൽഡിഎഫിന്റെ സിറ്റിങ് സീറ്റാണിത്.

LDF - 533. UDF - 515, NDA - 21

പാലക്കാട് കരിമ്പയിൽ ഭരണമാറ്റമില്ല, സീറ്റ് യുഡിഎഫ് നിലനിർത്തി. ശാന്തകുമാർ എംഎൽഎ രാജിവച്ച ഒഴിവിൽ അനില സുരേഷ് ജയിച്ചു. അരുവാപ്പുലം കല്ലേലിയിൽ 112 വോട്ടിനായിരുന്നു ജയം. ചിറ്റൂരിൽ 423 വോട്ടുകൾ നേടി ഇരുമുന്നണികളും ഒപ്പത്തിനൊപ്പമെത്തി. നറുക്കെടുപ്പിലൂടെ എൽഡിഎഫ് ജയിച്ചു. സുമേഷ് അച്യുതൻ എംഎൽഎ രാജിവച്ചൊഴിഞ്ഞ സീറ്റാണിത്.

ഇടുക്കി മുട്ടം പഞ്ചായത്ത് ഒമ്പതാം വാർഡിൽ യുഡിഎഫ് സ്ഥാനാർഥി എൽസമ്മ ടോം വിജയിച്ചു. എൽഡിഎഫിൽ നിന്ന് യുഡിഎഫ് സീറ്റ് തിരിച്ചുപിടിച്ചു. നിലവിൽ എൽഡിഎഫ് ഭരിക്കുന്ന പഞ്ചായത്താണ്. 188 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് ജയം. ഇതോടെ മുട്ടം പഞ്ചായത്തിൽ കക്ഷി നില LDF 8, UDF 6 എന്നിങ്ങനെയായി. കോട്ടയം മീനടം ചീരംകുളം വാർഡിൽ യുഡിഎഫ് ജയിച്ചു. പ്രീത പ്രസാദ് 168 വോട്ടിന് ജയിച്ചു.

യുഡിഎഫ് പിടിച്ചെടുത്തവ: തിരുവന്തപുരം പഴയകട, റാന്നി ബ്ലോക്ക്, ഇടുക്കി മുട്ടം വാർഡ് 9, കോട്ടയം മീനടം ചീരംകുളം, ചങ്ങനാശേരി കുന്നന്താനം രണ്ടാംവാർഡ്, പാലക്കാട് ശ്രീകൃഷ്ണപുരം, തൃശൂർ ചേലക്കര.

യുഡിഎഫ് നിലനിർത്തിയത്: ചാലക്കുടി നഗരസഭ, തിരുവല്ല കുറ്റൂർ, പത്തനംതിട്ട അരുവാപ്പുലം കല്ലേലി, പാലക്കാട് പട്ടഞ്ചേരി, കരിമ്പ, മലപ്പുറം വേങ്ങര, താനാളൂർ മൂലയ്ക്കൽ

എൽഡിഎഫ് നിലനിർത്തിയത്: മട്ടന്നൂർ നഗരസഭ, പട്ടഞ്ചേരി പഞ്ചായത്ത്, കാസർകോട് പീലിക്കോട് ,തൃശൂർ തളിക്കുളം

എൽഡിഎഫ് പിടിച്ചെടുത്തത്: കണ്ണൂർ പെരളശേരി, കോട്ടയം പാമ്പാടി കുമ്പന്താനം

കൊല്ലം, ആലപ്പുഴ ഒഴികെ പന്ത്രണ്ട് ജില്ലകളിലും നടന്ന ഉപതിരഞ്ഞെടുപ്പിൽ 58.81 ശതമാനം പേരാണ് വോട്ട് ചെയ്തത്. തദ്ദേശ ജനപ്രതിനിധികൾ എം.എൽ.എമാരായതോടെയാണ് എട്ടിടത്ത് ഉപതിരഞ്ഞെടുപ്പ് വേണ്ടിവന്നത്. എം.എൽ.എ മാരായവർ ഒഴിഞ്ഞ വാർഡുകളിലെ ഫലത്തിന് രാഷ്ട്രീയ പ്രാധാന്യമേറെയാണ്. ഉപതിരഞ്ഞെടുപ്പ് നടന്ന 38ൽ 22 എണ്ണം യുഡിഎഫിന്റേയും 15 എൽഡിഎഫിന്റേയും സിറ്റിങ് സീറ്റുകളാണ്. അവശേഷിച്ച ഒന്ന് ട്വന്റി ട്വന്റിയുടെ കൈവശമുണ്ടായിരുന്നതാണ്.

നിയമസഭാ തിരഞ്ഞെടുപ്പിന് ശേഷമുള്ള ആദ്യ ജനവിധി യുഡിഎഫിനും എൽഡിഎഫിനും ഒരുപോലെ നിർണായകമാണ്. വൈദ്യുതി കട്ടിനും സ്പോൺസർഷിപ്പ് വിവാദത്തിനും ജനം മറുപടി നൽകുമെന്ന് എൽഡിഎഫ് കരുതുമ്പോൾ പ്രിയദർശിനി സൗജന്യ യാത്രക്ക് ഉൾപ്പെടെ വോട്ടർമാർ പാസ് മാർക്ക് നൽകുമെന്ന പ്രതീക്ഷയിലാണ് യുഡിഎഫ്.

ഐഎഎസ് പദവി രാജിവച്ചു, ഇനി രാഷ്ട്രീയത്തിലേയ്ക്ക്; മുന്നിൽ വലിയ ലക്ഷ്യമുണ്ടെന്ന് ദിവ്യ

ലക്നൗ: സിവിൽ സർവീസിൽ നിന്ന് സ്വയം വിരമിച്ച മുൻ ഉത്തർപ്രദേശ് കേഡർ ഐഎഎസ് ഓഫീസർ ദിവ്യ മിത്തൽ രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നതായി പ്രഖ്യാപനം. തന്റെ രാഷ്ട്രീയ ജീവിതം ഉത്തർപ്രദേശിൽ നിന്നായിരിക്കും ആരംഭിക്കുകയെന്ന് പറഞ്ഞ ദിവ്യ, ഏതെങ്കിലും പാർട്ടിയിൽ ചേരുമെന്ന അഭ്യൂഹങ്ങൾ തള്ളി. ഉത്തർപ്രദേശ് നിയമസഭാ തിരഞ്ഞെടുപ്പിന് മാസങ്ങൾ മാത്രം ശേഷിക്കെയാണ് പ്രഖ്യാപനം.

2013 ബാച്ച് ഐഎഎസ് ഓഫീസറായ ദിവ്യ 13 വർഷത്തെ സർവീസിനുശേഷമാണ് സെപ്തംബറിൽ വിരമിച്ചത്. മിർസാപൂർ, ഡിയോറിയ എന്നീ ജില്ലകളിൽ ജില്ലാ മജിസ്ട്രേറ്റ് ആയി പ്രവർത്തിച്ചിട്ടുണ്ട്. താൻ ജനങ്ങളുടെ ശബ്ദമായിരിക്കുമെന്ന് അറിയിച്ച ദിവ്യ, ഉത്തരവാദിത്തം, നീതി, സാധാരണ പൗരന്മാർ നേരിടുന്ന പ്രശ്നങ്ങൾ എന്നിവയിലൂന്നിയുള്ളതായിരിക്കും തന്റെ രാഷ്ട്രീയ യാത്രയെന്നും വ്യക്തമാക്കി.

'കുറച്ചു ദിവസങ്ങൾക്ക് മുമ്പ് ഞാൻ ഐഎഎസ് പദവി രാജിവച്ചത് നിങ്ങളുടെ മനസിൽ പല ചോദ്യങ്ങളും ഉയർത്തിയിട്ടുണ്ടാകാം. വലിയ ജോലിഭാരവും ഒപ്പം അതിനുള്ള ധൈര്യം സംഭരിക്കേണ്ടതുമുണ്ടായിരുന്നതിനാലാണ് ഇത്രയും നാൾ മറുപടി നൽകാതിരുന്നത്. എന്നാൽ ഇന്ന് ആ ചോദ്യങ്ങൾക്കെല്ലാം മറുപടി നൽകാനാണ് ഞാൻ വന്നിരിക്കുന്നത്.

ആദ്യത്തെ ചോദ്യം ഇനി എന്ത് എന്നതാണ്. ഉത്തരം രാഷ്ട്രീയം. നിങ്ങൾ ഇതിനകം എല്ലാം നേടിക്കഴിഞ്ഞു, ഇനി എന്താകാനാണ് ആഗ്രഹമെന്ന് ആളുകൾ ചോദിക്കാറുണ്ട്. എനിക്ക് ശബ്ദമാകണം. തങ്ങളുടെ ശബ്ദം എത്തിക്കാൻ കഴിയാത്തവരുടെയും, എത്തിച്ചാൽ തന്നെ ആരും കേൾക്കാത്തവരുടെയും ശബ്ദമാകണം എനിക്ക്'- ദിവ്യ മിത്തൽ പറഞ്ഞു.

ഗ്യാനേഷ് കുമാറിന്റെ തീരുമാനങ്ങളിൽ സംശയം: ഹർജി പരിഗണിക്കാൻ സമ്മതിച്ച് സുപ്രീം കോടതി

ന്യൂഡൽഹി: മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിന്റെ നേതൃത്വത്തിലുള്ള തിരഞ്ഞെടുപ്പ് കമ്മിഷന്റെ തീരുമാനങ്ങളിൽ സംശയങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഹർജി അടുത്ത ആഴ്ച വാദം കേൾക്കാമെന്ന് സുപ്രീം കോടതി. ചീഫ് ജസ്റ്റിസ് സൂര്യ കാന്ത്, ജസ്റ്റിസ് ജോയ്മാല്യ ബാഗ്ചി, ജസ്റ്റിസ് വി. മോഹന എന്നിവരടങ്ങിയ ബെഞ്ചാണ് വിഷയം പരിഗണിക്കുന്നത്. ഹർജിക്കാർക്ക് വേണ്ടി മുതിർന്ന അഭിഭാഷകൻ വികാസ് സിങ് കേസ് കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയായിരുന്നു.

തിരഞ്ഞെടുപ്പ് കമ്മിഷന്റെ തീരുമാനങ്ങൾ ഭൂരിപക്ഷാഭിപ്രായത്തെ മാനിക്കുന്നതായിരിക്കണമെന്നാണ് ചട്ടം. എന്നാൽ നിലവിലെ തിരഞ്ഞെടുപ്പ് കമ്മിഷന്റെ പ്രവർത്തനരീതിയിൽ തീരുമാനങ്ങൾ അത് പിന്തുടർന്നതാണോ എന്ന കാര്യത്തിൽ സംശയമുണ്ടെന്ന് വികാസ് സിങ് കോടതിയിൽ പറഞ്ഞു.

വോട്ടർ പട്ടികയിൽ പേരുകൾ ചേർക്കൽ, ഒഴിവാക്കൽ, വോട്ടർ രജിസ്ട്രേഷൻ രീതികളിലെ മാറ്റങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ കഴിഞ്ഞ 10 മാസത്തിനിടെ തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ സുഖ്ബീർ സിംഗ് സന്ധുവും വിവേക് ജോഷിയും കുറഞ്ഞത് 14 തവണയെങ്കിലും ഔദ്യോഗികമായി എതിർപ്പറിയിച്ചിരുന്നു എന്ന റിപ്പോർട്ടുകൾ പുറത്തുവന്നത് വലിയ വിവാദത്തിന് വഴിവെച്ചിരുന്നു. ഇതിന്റെ പശ്ചാത്തലത്തിലാണ് സുപ്രീം കോടതിയിൽ ഹർജി എത്തിയത്.

അതേസമയം അഭിപ്രായ ഐക്യമില്ലെന്ന ആരോപണങ്ങൾ തിരഞ്ഞെടുപ്പ് കമ്മിഷൻ തള്ളിയിരുന്നു. കമ്മീഷന്റെ എല്ലാ തീരുമാനങ്ങളും ഐകകണ്ഠ്യേനയാണ് കൈക്കൊണ്ടതെന്ന് കമ്മിഷൻ വ്യക്തമാക്കി. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറും കമ്മീഷണർമാരായ എസ്. എസ്. സന്ധു, വിവേക് ജോഷി എന്നിവരും പങ്കെടുത്ത യോഗത്തിന് ശേഷം പുറത്തിറക്കിയ വാർത്താക്കുറിപ്പിലൂടെയാണ് കമ്മിഷൻ നിലപാട് വ്യക്തമാക്കിയത്.

കണ്ണൂരിൽ യു.ഡി.എഫ് സീറ്റ് എൽ.ഡി.എഫ് പിടിച്ചെടുത്തു

കണ്ണൂർ: ജില്ലയിൽ ഉപതെരഞ്ഞെടുപ്പ്നടന്ന രണ്ട്തദ്ദേശ വാർഡിലും എൽ.ഡി.എഫ് ജയം. കഴിഞ്ഞ തവണ യു.ഡി.എഫ്വിജയിച്ച പെരളശേരി ഗ്രാമ പഞ്ചായത്തിലെ ആറാം വാർഡായ ബാവോട് ഈസ്റ്റ് എൽ.ഡി.എഫ് തിരിച്ചുപിടിച്ചു. മട്ടന്നൂർ നഗരസഭയിലെ ഉരുവച്ചാൽ ഡിവിഷൻ എൽ.ഡി.എഫ് നിലനിർത്തി.

ബാവോട് ഈസ്റ്റിൽ 65 വോട്ടിന്റെ ഭൂരിപക്ഷത്തിൽ എൽ.ഡി.എഫിലെ കെ.വി രതീശനാണ് വിജയിച്ചത്. പഞ്ചായത്തംഗം സുരേഷ്ബാബു തണ്ടാരത്തിന്റെ നിര്യാണത്തെത്തുടർന്നാണ് ഉപതെരഞ്ഞെടുപ്പ് വേണ്ടിവന്നത്. 13 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് അന്ന് യു.ഡി.എഫ് ജയിച്ചത്.

മട്ടന്നൂർ ഉരുവച്ചാലിൽ എ.കെ. സുരേഷ്കുമാറാണ് ജയിച്ച എൽ.ഡി.എഫ് സ്ഥാനാർഥി. 276 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് ജയിച്ചത്. കഴിഞ്ഞ തവണ 269 വോട്ടിന്റെ ഭൂരിപക്ഷമാണ് ഉണ്ടായത്. കൗൺസിലറായിരുന്ന എൽഡിഎഫിലെ കെ കെ അഭിമന്യുവിന്റെ നിര്യാണത്തെത്തുടർന്നാണ് ഉപതെരഞ്ഞെടുപ്പ്.

ഷൂട്ടിംഗിൽ സ്വർണവേട്ട; ഏഷ്യൻ ഗെയിംസിൽ ഇന്ത്യയുടെ ആദ്യ വ്യക്തിഗത സ്വർണം നേടി നീരു ദണ്ഡ

നഗോയ: ഏഷ്യൻ ഗെയിംസിൽ ഷൂട്ടിംഗ് ട്രാപ് വനിതാ വിഭാഗത്തിൽ ഇന്ത്യയ്ക്ക് സ്വർണം. നീരു ദണ്ഡയാണ് ഇന്ത്യയ്ക്കായി സ്വർണം നേടിയത്. ഏഷ്യൻ ഗെയിംസിൽ ഇന്ത്യയുടെ ആദ്യ വ്യക്തിഗത സ്വർണമാണിത്. ഇന്ത്യയുടെ അഞ്ചാമത്തെ സ്വർണവും. 28 പോയിന്റുമായി നീരു ഒന്നാമതെത്തിയപ്പോൾ 26 പോയിന്റുമായി ചൈനയുടെ സൺ യുനോങിനാണ് വെള്ളി. കുവൈറ്റിന്റെ ഹാജർ അബ്ദുൽമാലിക് വെങ്കലവും നേടി.

വനിതാ ഷൂട്ടിംഗ് ട്രാപ് ടീം ഇനത്തിൽ ഇന്ത്യയ്ക്ക് വെള്ളി നേട്ടം. 328 പോയിന്റുകളുമായാണ് ഇന്ത്യ രണ്ടാമത് ഫിനിഷ് ചെയ്തത്. വനിതാ വിഭാഗത്തിൽ ചൈനയാണ് സ്വർണം നേടിയത്. കുവൈറ്റ് വെങ്കലവും സ്വന്തമാക്കി.

അതേസമയം, ഏഷ്യൻ ഗെയിംസിൽ ഇന്നലെ അത്‌ലറ്റിക്സ് ട്രാക്കിലെ വെള്ളികളും വെങ്കലങ്ങളും കൊണ്ട് മനസ് നിറച്ച് ഇന്ത്യൻ താരങ്ങൾ മുന്നേറി. അത്‌ലറ്റിക്സിൽ നിന്നു മാത്രം മൂന്നുവീതം വെള്ളിയും വെങ്കലങ്ങളും ഇന്ത്യ നേടിയപ്പോൾ ഷൂട്ടിംഗിൽ നിന്നൊരു വെള്ളിയും കുറാഷിൽ ഒരു വെങ്കലവും കൂടി ഇന്ത്യയ്ക്ക് ഇന്നലെ ലഭിച്ചു.

മലയാളി ലോംഗ്ജമ്പർ എം.ശ്രീങ്കറിനൊപ്പം ഗുൽവീർ സിംഗ് (1500 മീറ്റർ),യശ്‌വീർ സിംഗ് (ജാവലിൻ ത്രോ) എന്നിവരാണ് അത്‌ലറ്റിക്സിൽ വെള്ളി നേടിയത്. വനിതകളുടെ 5000 മീറ്ററിൽ പരുൾ ചൗധരിയും 400 മീറ്റർ ഹഡിൽസിൽ വിദ്യ രാംരാജും പുരുഷ ജാവലിനിൽ രോഹിത് യാദവും വെങ്കലങ്ങൾ നേടി. ഷൂട്ടിംഗിൽ ഇഷ സിംഗ് 25 മീറ്റർ പിസ്റ്റൾ ഇനത്തിലാണ് വെള്ളി നേടിയത്. കുറാഷിൽ പിങ്കി ബൽഹാരയാണ് വെങ്കലത്തിന് അവകാശിയായത്.

ഇടതുകോട്ട തകർന്നു; ചേലക്കരയിലെ കുറുമലയിൽ യു.ഡി.എഫിന് അട്ടിമറി ജയം

തൃശൂർ: സംസ്ഥാനത്തെ തദ്ദേശ ഉപതെരഞ്ഞെടുപ്പിൽ തൃശൂർ ജില്ലയിൽ മികച്ച നേട്ടവുമായി യു.ഡി.എഫ്. ജില്ലയിൽ തെരഞ്ഞെടുപ്പ് നടന്ന അഞ്ച് വാർഡുകളിൽ ചേലക്കരയിലെ അട്ടിമറി വിജയമടക്കം മൂന്നിടത്ത് യു.ഡി.എഫ് കരുത്തുകാട്ടി. രണ്ടിടത്ത് മാത്രമാണ് എൽ.ഡി.എഫിന് വിജയിക്കാനായത്. മിന്നും വിജയത്തിന് പിന്നാലെ ജില്ലയിലുടനീളം യു.ഡി.എഫ് പ്രവർത്തകർ ആഹ്ലാദപ്രകടനങ്ങളുമായി തെരുവിലിറങ്ങി.

ചാലക്കുടിയിലും വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിലെ തളി ഡിവിഷനിലും സിറ്റിങ് സീറ്റുകൾ നിലനിർത്താൻ യു.ഡി.എഫിന് സാധിച്ചു. എന്നാൽ, വലിയ വിജയപ്രതീക്ഷ ഇല്ലാതിരുന്ന ചേലക്കരയിലെ എൽ.ഡി.എഫ് സിറ്റിങ് സീറ്റ് പിടിച്ചെടുത്തതാണ് യു.ഡി.എഫിന് ഇരട്ടിമധുരമായത്. എൽ.ഡി.എഫിന് വലിയ പ്രതീക്ഷയുണ്ടായിരുന്ന സീറ്റിലേറ്റ അപ്രതീക്ഷിത തിരിച്ചടി അവർക്ക് കനത്ത നിരാശയായി. സംസ്ഥാനത്ത് യു.ഡി.എഫ് സർക്കാർ അധികാരത്തിലെത്തിയതിന് ശേഷമുള്ള ആദ്യ ഉപതെരഞ്ഞെടുപ്പ് എന്ന നിലയിൽ ഈ ഫലങ്ങൾക്ക് വലിയ രാഷ്ട്രീയ പ്രാധാന്യമുണ്ട്. ചേലക്കരയിൽ വർഷങ്ങളായി എൽ.ഡി.എഫിന് വലിയ പ്രാതിനിധ്യമുള്ള ഒരു സ്ഥലം കൂടിയാണ് കുറുമല. കഴിഞ്ഞ തെരഞ്ഞെടുപ്പുകളിലൊക്കെ എൽ.ഡി.എഫിന് വലിയ വിജയങ്ങൾ കൈവരിക്കാൻ കഴിഞ്ഞിടത്തുനിന്നാണ് ഇപ്പോൾ തിരിച്ചടി ഉണ്ടായിരിക്കുന്നത്. അതേസമയം, ജില്ലയിലെ തളിക്കുളത്തും വെള്ളാങ്കല്ലൂരും എൽ.ഡി.എഫ് വിജയം കണ്ടു.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ജില്ലയിലുണ്ടാക്കിയ വൻമുന്നേറ്റം താഴേത്തട്ടിലുള്ള തദ്ദേശ തെരഞ്ഞെടുപ്പിലും ആവർത്തിക്കാനായത് യു.ഡി.എഫ് ക്യാമ്പുകൾക്ക് വലിയ ആശ്വാസമാണ് നൽകുന്നത്.

ജനപിന്തുണ താഴേത്തട്ടിലും നിലനിർത്താൻ കഴിഞ്ഞത് മുന്നണിക്ക് വരും തെരഞ്ഞെടുപ്പുകളിലും ആവേശം പകരും.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ മുമ്പാകെ

OP(MV): 1574/2021

മെഹ്റാജ് റഹ്മാൻ -ഹർജിക്കാരൻ
ഷാജഹാൻ മുതൽപേർ -എതൃകക്ഷികൾ

1) ഒന്നാം എതൃകക്ഷി

മുകുന്ദപുരം താലൂക്ക് കാരുമാത്ര വില്ലേജ് നെടുങ്ങാണത്തുകുന്നു ദേശത്ത് കാരുമാത്ര പോസ്റ്റിൽ തരുപീടികയിൽ വീട്ടിൽ അബ്ദുൾ ജബ്ബാർ മകൻ ഷാജഹാൻ

മേൽ നമ്പർ കേസിലെ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ചുള്ള ഉത്തരവുണ്ടാകണം എന്ന് ബോധിപ്പിച്ച ഹരജി അനുവദിച്ച് മേൽ നമ്പർ കേസ് **12-11-2026** തിയ്യതിക്ക് വെച്ചിട്ടുള്ളതാണ്. ആക്ഷേപം ഉള്ളവർ ടി തിയ്യതി രാവിലെ 11 മണിക്ക് കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം ടിയാനെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

എന്ന്, 16-9-2026
ഹരജിക്കാരൻഭാഗം അഡ്വക്കെറ്റ്
എ ഡി സുദർശനൻ (ഒപ്പ്)

ഷുഹൈബ് വധം: ആകാശ് തില്ലങ്കേരി ഉൾപ്പെടെയുള്ള പ്രതികൾക്ക് തിരിച്ചടി

കേസിന്റെ വിചാരണകോടതിയിൽ മാറ്റമില്ല

ഷുഹൈബ് ആകാശ് തില്ലങ്കേരി

തലശ്ശേരി: ഷുഹൈബ് വധക്കേസിൽ വിചാരണകോടതി മാറ്റണമെന്ന ആകാശ് തില്ലങ്കേരി അടക്കമുള്ള പ്രതികളുടെ ഹരജി ഹൈകോടതി തള്ളി. ഇതുപ്രകാരം തലശ്ശേരി അഡീഷണൽ സെഷൻ കോടതിയിൽ തന്നെ വിചാരണ പൂർത്തിയാക്കാനും കോടതി നിർദേശം നൽകി.

എട്ട് വർഷത്തെ കാത്തിരിപ്പിനൊടുവിൽ 2026 മേയിലായിരുന്നു കേസിന്റെ വിചാരണ ആരംഭിച്ചത്. എന്നാൽ വിചാരണ നിർത്തിവെക്കണമെന്നാവശ്യപ്പെട്ട് പ്രതികൾ കോടതിയോട് നിസ്സഹകരണം തുടരുകയും കോടതിയിൽ ഹാജരാകാതിരിക്കുകയും ചെയ്തിരുന്നു. കേസുമായി ബന്ധപ്പെട്ട പ്രോസിക്യൂട്ടറും വിചാരണ വേളയിൽ ഹാജരാകാതിരുന്നിരുന്നു. വിചാരണ കോടതി കേസിൽ പക്ഷം ചേർന്ന് ഇടപെടുന്നു എന്നായിരുന്നു പ്രതികളുടെ പ്രധാന പരാതി. ഇത് ചോദ്യം ചെയ്ത് പ്രതികൾ വിചാരണ കോടതിയെ സമീപിക്കുകയും എന്നാൽ കോടതി ഈ ഹരജി തള്ളുകയും ചെയ്തിരുന്നു. ഇതിന്റെ പശ്ചാത്തലത്തിൽ തലശ്ശേരി അഡീഷണൽ സെഷൻ കോടതിയിൽ നിന്നും വിചാരണ മാറ്റണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹരജിയാണ് ഹൈക്കോടതി തള്ളിയത്.

കേസുമായി ബന്ധപ്പെട്ട് വിചാരണ വേളയിൽ കോടതിയിൽ ഹാജരാകാതിരുന്നതിനാൽ പ്രതികളുടെ ജാമ്യമടക്കം തലശ്ശേരി കോടതി റദ്ദാക്കിയിരുന്നു. എന്നാൽ ഹൈകോടതി, സെഷൻ കോടതി ജാമ്യം റദ്ദാക്കിയ നടപടിക്ക് സ്റ്റേ നൽകി. തുടർന്നാണ് പ്രതികൾ വിചാരണ തലശ്ശേരി കോടതിയിൽ നിന്നും മാറ്റണമെന്ന് ആവശ്യപ്പെട്ട് ഹരജി സമർപ്പിച്ചത്. സംഭവത്തിൽ സംസ്ഥാന സർക്കാർ ഹരജിയെ ശക്തമായി എതിർത്തു. വിചാരണവേളയിൽ ജഡ്ജ് പക്ഷം ചേർന്ന് വാദം കേട്ടിട്ടില്ലായെന്നും ഇതിനാവശ്യമായ തെളിവുകൾ പ്രതിഭാഗത്തിന് ഹാജരാക്കാൻ സാധിച്ചിട്ടില്ലായെന്നും സർക്കാർ കോടതിയെ അറിയിച്ചു. ഇതെല്ലം കൃത്യമായി പരിശോധിച്ച ശേഷമാണ് ഹൈക്കോടതി ഹരജി തള്ളിയത്.

AISWARYA GOLD LOAN

**12/2238, Chembukkavu Arcade,
Eastern Bazar, Thrissur-1
Mob: 9037557289**

സ്വർണ്ണപണയ ലേല വിൽപ്പന നോട്ടീസ്

സ്ഥാപനത്തിന്റെ തൃശൂർ ശാഖയിൽപണയം വെച്ചിട്ടുള്ളതും കാലാവധി കഴിഞ്ഞതിനാൽ നോട്ടീസ് അയച്ചുസ്വീകരിച്ച കക്ഷികളുടെ താഴെപറയുന്ന അക്കൗണ്ട് നമ്പറിൽ ഉള്ള സ്വർണ ഉരുപിടികൾ **2026 ഒക്ടോബർ 19ന് ഉച്ചതിരിഞ്ഞു 4 മണിക്ക് സ്ഥാപനത്തിൽവെച്ച്** പരസ്യമായി ലേലവില്പന നടത്തുന്നത് ആണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഉരുപിടികളുടെ വിശദാംശങ്ങളും ലേലവ്യവസ്ഥകളും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപെടുത്തിയിട്ടുള്ളത് ആകുന്നു. ലേലവില്പനസ്ഥാപനത്തിന്റെ അന്തിമതീരുമാനത്തിന് വിധേയമാണ്. ഏതെങ്കിലും കാരണവശാൽ ലേലം നീട്ടിവയ്ക്കാനും നിർത്തിവയ്ക്കാനും സ്ഥാപനത്തിന് പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

*Weights mentioned in grams

S L No.	NAME AND ADDRESS	LOAN DATE	LOAN NUMBERS	WEIGHT OF THE ORNAMENTS
1	Sayyid Nuvaid P M, Puthiyamaliyekkal House, Riham Manzil, P.O.Patterkadavu, Malappuram-676519, Kerala	02/03/2026 25-06-2025	EKGL 1475 EKPN-319	16.3 Grams

തൃശൂർ, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
29-09-2026. **ഐശ്വര്യ ഗോൾഡ് ലോൺ**

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

സി.എച്ച്.മുഹമ്മദ് കോയ സമാധാനത്തിന്റെ സന്ദേശവാഹകൻ

ചില മനുഷ്യർ കാലത്തിന്റെ ഭാഗമാകുന്നു; ചിലർ കാലത്തെ തന്നെ മാറ്റിമറിക്കുന്ന ചരിത്രമായി മാറുന്നു. അത്തരത്തിൽ കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയ ചരിത്രത്തിൽ മായാത്ത അടയാളം പതിപ്പിച്ച മഹാനായിരുന്നു സി.എച്ച്.മുഹമ്മദ് കോയ സാഹിബ്.

വിശ്വാസത്തിന്റെ മൂല്യങ്ങൾ നെഞ്ചിലേറ്റി,അനാചാരങ്ങൾക്കും അനീതികൾക്കും മുന്നിൽ വിട്ടുവീഴ്ച ചെയ്യാതെ, സമൂഹത്തിന്റെ പിന്നാക്കാവസ്ഥകളെ മാറ്റത്തിന്റെ വെളിച്ചത്തിലേക്ക് നയിച്ച സാമൂഹ്യ പരിഷ്കർത്താവായിരുന്നു സി.എച്ച്.നവോത്ഥാനത്തിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചും, പാർശ്വവൽക്കരിക്കപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തിയും,മതസൗഹാർദത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും സന്ദേശം പകർന്നും അദ്ദേഹം പൊതുജീവിതത്തിന് പുതിയൊരു ഭാഷ നൽകി.

ഖാഇദെ മില്ലത്ത് ഇസ്മായിൽ സാഹിബും ബാഫഖി തങ്ങളും,പാണക്കാട്സയ്യിദ് പൂക്കോയതങ്ങളുംകാണിച്ചുതന്ന ജനസേവനത്തിന്റെയും ആദർശ രാഷ്ട്രീയത്തിന്റെയും പാതയിലൂടെ, മുസ്ലിം ലീഗിന്റെ യഥാർത്ഥ ലക്ഷ്യങ്ങളും മാനവിക മൂല്യങ്ങളും ജനങ്ങളിലെത്തിക്കാൻ സി.എച്ച്.അചഞ്ചലമായ നേതൃത്വമാണ് കാഴ്ചവെച്ചത്.

“അറിവാണ് ശക്തി, ആത്മവിശ്വാസമാണ് മുന്നേറ്റത്തിന്റെ വഴി” എന്ന ബോധം ഒരു സമൂഹത്തിന്റെ മനസ്സിൽ നട്ടുവളർത്തിയ മഹാനായ ജനനായകനായിരുന്നു അദ്ദേഹം. ഒരു കാലത്ത് മറ്റുള്ളവരുടെ ചുമടെടുക്കാനും കിണറ്റിൽ നിന്ന് വെള്ളം കോരാനും മാത്രം വിധിക്കപ്പെട്ടിരുന്ന ഒരു ന്യൂനപക്ഷ സമൂഹത്തിന്, വിദ്യാഭ്യാസത്തിലൂടെയും സംഘടിത ശക്തിയിലൂടെയും ആത്മാഭിമാനത്തോടെയും മുന്നേറാനുള്ള വഴിയാണ് സി.എച്ച്.തുറന്നുകൊടുത്തത്.കുത്തബ് മിനാറിനേക്കാൾ ഉയർന്ന ആത്മാഭിമാനവും,ചെങ്കോട്ടയെക്കാൾ ദൃഢമായ ആത്മവിശ്വാസവും, താജ്മഹലിനേക്കാൾ മനോഹരമായ സംസ്കാരവും തങ്ങൾക്കുണ്ടെന്ന് ഒരു സമൂഹത്തെ ബോധ്യപ്പെടുത്തിയ ആ ധീരനായ പടനായകന്റെ ഓർമ്മകൾ നാല് പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും മങ്ങാതെ നിലനിൽക്കുന്നു.

സി.എച്ച്.ഒരു നേതാവ് മാത്രമായിരുന്നില്ല; ഒരു തലമുറയുടെ ആത്മവിശ്വാസമായിരുന്നു.ഒരു പ്രസ്ഥാനത്തിന്റെ തണലായിരുന്നു. ഒരു സമൂഹത്തിന്റെ പ്രതീക്ഷയായിരുന്നു.

ഇന്ന് അദ്ദേഹത്തെ അനുസ്മരിക്കുമ്പോൾ,ഓർമ്മകളിൽ മാത്രം ഒതുങ്ങാതെ അദ്ദേഹത്തിന്റെ സന്ദേശങ്ങളെ ജീവിതത്തിൽ പകർത്തുകയാണ് ഏറ്റവും വലിയ ആദരം. നീതിക്കൊപ്പം നിൽക്കുക, അറിവിനെ പ്രോത്സാഹിപ്പിക്കുക, ദുർബലരുടെ കൈപിടിക്കുക, മതസൗഹാർദം കാത്തുസൂക്ഷിക്കുക, മനുഷ്യനെ മനുഷ്യനായി കാണുക,ഈ മൂല്യങ്ങളാണ് സി. എച്ച്. നമ്മോട് പറഞ്ഞുതന്നത്.

മുസ്ലിം ലീഗ് പ്രവർത്തകർക്ക് സി.എച്ച്.ഒരു പഴയ ഓർമ്മയല്ല; മുന്നോട്ടുള്ള യാത്രയിലെ വഴിവിളക്കാണ്.

അദ്ദേഹത്തിന്റെ ജീവിതം നമ്മെ പഠിപ്പിച്ച നന്മയുടെ സന്ദേശം സമൂഹത്തിലേക്ക് പകരാനും, പുതിയ തലമുറയ്ക്ക് കൈമാറാനും ഓരോ പ്രവർത്തകനും പ്രതിജ്ഞാബദ്ധരാകട്ടെ.

സി.എച്ച്.മുഹമ്മദ് കോയ സാഹിബിന്റെ ഓർമ്മകൾ നമ്മുടെ പ്രവർത്തനങ്ങൾക്ക് പ്രചോദനമാകട്ടെ. അദ്ദേഹത്തിന്റെ ഖബർ വിശാലമാക്കുകയും സ്വർഗത്തിൽ ഉന്നത പദവി നൽകുകയും ചെയ്ത് സർവശക്തനായ നാഥൻ അനുഗ്രഹിക്കട്ടെ.....

സ്മരണകളോടെ,

-കരീം പന്നിത്തടം

ഖാദി തുണിത്തരങ്ങൾക്ക് 30 ശതമാനം ഗാന്ധിജയന്തി സ്പെഷ്യൽ റിബേറ്റ്

തൃശൂർ: ഗാന്ധി ജയന്തിയോടനുബന്ധിച്ച് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സെപ്റ്റംബർ 28 മുതൽ ഒക്ടോബർ മൂന്ന് വരെ ഖാദി തുണിത്തരങ്ങളുടെ ചില്ലറ വിൽപ്പനയ്ക്ക് 30 ശതമാനം സ്പെഷ്യൽ റിബേറ്റ് പ്രഖ്യാപിച്ചു. തൃശൂർ ജില്ലയിലെ ഖാദി ഗ്രാമ സൗഭാഗ്യ (ശ്രീ വടക്കുംനാഥൻ ഷോപ്പിംഗ് കോംപ്ലക്സ് - വടക്കേ ബസ് സ്റ്റാൻഡിന് സമീപം), പാലസ് റോഡ്, ഒളരിക്കര എന്നിവിടങ്ങളിലെ ഷോറൂമുകളിലും പാവറട്ടി, കേച്ചേരി, പൂവത്തൂർ, മാടവന തുടങ്ങി ജില്ലയിലുടനീളമുള്ള ഖാദി ഗ്രാമ സൗഭാഗ്യ കേന്ദ്രങ്ങളിലും റിബേറ്റ് ലഭിക്കും. ഖാദി കോട്ടൺ, സിൽക്ക്, സ്പൺ സിൽക്ക് തുണിത്തരങ്ങൾക്ക് പുറമെ, പ്രാദേശിക ഗ്രാമവ്യവസായ യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന കോട്ടൺ കിടക്കകൾ, തേൻ, എള്ളെണ്ണ, സോപ്പ് ഉൽപ്പന്നങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവയും ഇവിടങ്ങളിൽ ലഭ്യമാണ്. സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാർക്ക് ഒരു ലക്ഷം രൂപ വരെ ക്രെഡിറ്റ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ഖാദി വസ്ത്രപ്രചാരണം പ്രോത്സാഹിപ്പിക്കുന്നതിനായി ഏവരും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് ഡെപ്യൂട്ടി ഡയറക്ടർ അഭ്യർത്ഥിച്ചു. വിശദവിവരങ്ങൾക്ക് ഫോൺ: 0487-2338699, 9188401609.

വരവൂർ ഗവ. ഐ.ടി.ഐയിൽ ഗസ്റ്റ് ഇൻസ്ട്രക്ടർ നിയമനം: കൂടിക്കാഴ്ച നാളെ

തൃശൂർ: പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വരവൂർ ഗവ. ഐ.ടി.ഐയിൽ മെക്കാനിക് മോട്ടോർ വെഹിക്കിൾ വിഭാഗത്തിൽ ട്രെയിനിംഗ് ഇൻസ്ട്രക്ടറുടെ ഒരു താൽക്കാലിക ഒഴിവിൽ (ദിവസവേതന/കരാർ അടിസ്ഥാനത്തിൽ) നിയമനം നടത്തുന്നു. സർക്കാർ അംഗീകരിച്ച ഓട്ടോമൊബൈൽ എഞ്ചിനീയറിംഗിലോ മെക്കാനിക്കൽ എഞ്ചിനീയറിംഗിലോ ഉള്ള മൂന്ന് വർഷത്തെ ഡിപ്ലോമയാണ് മിനിമം യോഗ്യത. പി.എസ്.സി വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ സ്ഥിരനിയമനം നടക്കുന്നതുവരെയായിരിക്കും താത്കാലിക നിയമനം. വേതനം നിയമാനുസൃതം മണിക്കൂർ അടിസ്ഥാനത്തിൽ ലഭിക്കും. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ സെപ്റ്റംബർ 30-ന് രാവിലെ 11.00-ന് കോഴിക്കോട് എലത്തൂർ റെയിൽവേ സ്റ്റേഷന് സമീപമുള്ള ഗവ. ഐ.ടി.ഐയിൽ നടക്കുന്ന കൂടിക്കാഴ്ചയിൽ ബയോഡാറ്റ, യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പും സഹിതം ഹാജരാകണം. ഫോൺ - 0495 2371451, 0494 2461898.

കാലിക്കറ്റ് സർവകലാശാലയുടെ 2025-26 ലെ മികച്ച വനിതാ കായിക കോളേജ് പുരസ്കാരം സെന്റ് ജോസഫ്സിന്

ഇരിങ്ങാലക്കുട: കായിക രംഗത്ത് തുടർച്ചയായി മികവ് തെളിയിച്ചുകൊണ്ടിരിക്കുന്ന സെന്റ് ജോസഫ്സ് കോളേജ് (ഓട്ടോണമസ്), ഇരിങ്ങാലക്കുട, കാലിക്കറ്റ് സർവകലാശാലയുടെ 202526 അധ്യയന വർഷത്തിലെ മികച്ച വനിതാ കായിക കോളേജ് പുരസ്കാരം നേടി. സർവകലാശാലയുടെ കീഴിലുള്ള 400-ലധികം കോളേജുകളിൽ നിന്നാണ് സെന്റ് ജോസഫ്സ് കോളേജ് ഈ അഭിമാനനേട്ടം കൈവരിച്ചത്.

വിദ്യാഭ്യാസത്തോടൊപ്പം കായികമികവിനും തുല്യപ്രാധാന്യം നൽകുന്ന സമഗ്രമായ കായികസംസ്കാരമാണ് കോളേജിന്റെ പ്രധാന ശക്തി. വർഷങ്ങളായി നിരവധി അന്തർദേശീയ, ദേശീയ, സർവകലാശാലാതല താരങ്ങളെ വളർത്തിയെടുത്ത കോളേജ്, വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനവും അടിസ്ഥാനസൗകര്യങ്ങളും പ്രോത്സാഹനവും ഉറപ്പാക്കുന്ന കായിക അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്.

202526 അധ്യയന വർഷത്തിൽ മാത്രം കോളേജിൽ നാല് അന്തർദേശീയ താരങ്ങൾ ഉണ്ടായിരുന്നു. ഇവരിൽ സീയ മെൽറ്റിൽഡ ബൈജു പവർലിഫ്ടിങ്ങിൽ ഏഷ്യൻ ജൂനിയർ ചാമ്പ്യൻഷിപ്പിൽ മെഡൽ നേടി കോളേജിനും രാജ്യത്തിനും, സംസ്ഥാനത്തിനും അഭിമാനമായി. കൂടാതെ 20 ദേശീയ താരങ്ങൾ, 48 ഇന്റർ യൂണിവേഴ്സിറ്റി താരങ്ങൾ, 17 ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസ് താരങ്ങൾ എന്നിവരെ വാർത്തെടുക്കാൻ കോളേജിന് കഴിഞ്ഞു.

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇൻറർ കോളേജ് മത്സരങ്ങളിൽ വിവിധ കായിക ഇനങ്ങളിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങളിലായി 13 ചാമ്പ്യൻഷിപ്പുളും കോളേജ് സ്വന്തമാക്കി. മികച്ച കായിക അടിസ്ഥാനസൗകര്യങ്ങൾ, പരിശീലന സംവിധാനങ്ങൾ, താരങ്ങൾക്കുള്ള സ്കോളർഷിപ്പുകൾ, മികച്ച പരിശീലന പിന്തുണ എന്നിവയാണ് ഈ മുന്നേറ്റത്തിന് കരുത്ത് പകരുന്നത്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ മൂന്ന് അക്കാദമികളും കോളേജിൽ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യയിലെ വിവിധ ഡിപ്പാർട്ട്മെന്റുകളിലായി കോളേജിലെ ധാരാളം കായികതാരങ്ങൾ സ്പോർട്ട്സ് കോട്ടയിലൂടെ ജോലി ലഭിച്ചിട്ടുണ്ട്.

കായികതാരങ്ങളുടെ വളർച്ചയ്ക്ക് പിന്തുണ നൽകുന്നതിനൊപ്പം കായികത്തെ ക്യാമ്പസ് സംസ്കാരത്തിന്റെ അവിഭാജ്യ ഘടകമാക്കാനും കോളേജ് ശ്രദ്ധ കേന്ദ്രീകരിച്ചുവരുന്നു. “ഈ പുരസ്കാരം വർഷം മുഴുവൻ അധ്വാനിച്ച കായിക താരങ്ങൾ, അവരെ നയിച്ച പരിശീലകർ, ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗം, പിന്തുണ നൽകിയ മാനേജ്മെന്റ്, അധ്യാപകർ, ജീവനക്കാർ എന്നിവരുടെ കൂട്ടായ പരിശ്രമത്തിന്റെ അംഗീകാരമാണ്. സെന്റ് ജോസഫ്സ് കോളേജിന്റെ ടീം സ്പിരിറ്റിനാണ് ഈ പുരസ്കാരം,” എന്ന് കോളേജ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ബ്ലെസി പറഞ്ഞു.

തേക്ക് മരം പുനർ ലേലം ചെയ്യുന്നു

ചേലക്കര: പഴയന്നൂർ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡിന് പുറകുവശത്തായി നിൽക്കുന്ന ഒരു തേക്ക് മരം ഒക്ടോബർ 14-ന് രാവിലെ 11-ന് പരസ്യമായി ലേലം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയങ്ങളിൽ പഴയന്നൂർ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

ലോക പേവിഷബാധ ദിനാചരണം: ജില്ലാതല ഉദ്ഘാടനം തോമസ് ഉണ്ണിയാടൻ എം.എൽ.എ. നിർവ്വഹിച്ചു

ഇരിങ്ങാലക്കുട: ലോക പേവിഷബാധ ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ബോധവത്കരണ റാലി ഫ്ലാഗ് ഓഫ് ചെയ്തുകൊണ്ട് തോമസ് ഉണ്ണിയാടൻ എം.എൽ.എ. നിർവഹിച്ചു.

ഇരിങ്ങാലക്കുട ടൗൺ ഹാളിൽ നടന്ന പരിപാടിയിൽ മുനിസിപ്പാലിറ്റി ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ടി.എ. പോൾ അധ്യക്ഷത വഹിച്ചു. ജില്ലാ സർവൈലൻസ് ഓഫീസർ ഡോ. കെ.വി. ഗീത വിഷയാവതരണം നടത്തി.

ആനന്ദപുരം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം സൂപ്രണ്ട് ഡോ. ശ്രീവത്സൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പൊറത്തിശ്ശേരി കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. ഫാരീസ് മുഹമ്മദ് സലാം സ്വാഗതവും ഹെൽത്ത് ഇൻസ്പെക്ടർ അജീഷ് കൃതജ്ഞതയും രേഖപ്പെടുത്തി.

മുനിസിപ്പൽ കൗൺസിലർമാരായ വിജയകുമാരി അനിലൻ, സുരഭി വിനോദ്, റമീല, ഇരിങ്ങാലക്കുട ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. ശിവദാസൻ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ജിൽഷോ ജോർജ്, ജില്ലാ എഡ്യൂക്കേഷൻ മീഡിയ ഓഫീസർ സി.എം. ശ്രീജ, ഹെൽത്ത് സൂപ്പർവൈസർ എൻ. രമേഷ് തുടങ്ങിയവർ സംസാരിച്ചു.

ഉദ്ഘാടനത്തോടനുബന്ധിച്ച് ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്ര പരിസരത്തുനിന്ന് ആരംഭിച്ച ബോധവൽക്കരണ റാലി ടൗൺഹാളിൽ സമാപിച്ചു. കൂടാതെ, വിദ്യാർത്ഥികൾ ഫ്ലാഷ് മോബ്, സ്കിറ്റ് എന്നിവ സംഘടിപ്പിച്ചു. പരിപാടികളിൽ ജനപ്രതിനിധികൾ, ആശ- ആരോഗ്യപ്രവർത്തകർ, എൻ.എസ്.എസ്. വളണ്ടിയർമാർ, സ്കൗട്ട് ആൻഡ് ഗൈഡ്, എൻ. സി.സി. കേഡറ്റുകൾ, വിദ്യാർഥികൾ എന്നിവർ പങ്കെടുത്തു.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, പൊറത്തിശ്ശേരി കുടുംബാരോഗ്യ കേന്ദ്രം, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി എന്നിവരുടെ സംയുക്താഭിമുഖ്യത്തിലാണ് ജില്ലാതല ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചത്.

നിര്യാതരായി

രമേഷ്

ഇരിങ്ങാലക്കുട ചെമ്മണ്ടയിലെ ബി എം എസ് പ്രവർത്തകനായിരുന്ന വാക്കയിൽ ശിവശങ്കരന്റെ മകൻ രമേഷ് (53) നിര്യാതനായി. ഭാര്യ : ബീന മകൾ : രഹ്ന സംസ്ക്കാരം ഇരിങ്ങാലക്കുട മുക്തി സ്ഥാനിൽ നടന്നു.

ചന്ദ്രൻ

ഇരിങ്ങാലക്കുട : മാപ്രാണം വാതിൽമാടം ഉന്നതിയിൽ മണക്കുന്നത്ത് ചന്ദ്രൻ (76) നിര്യാതനായി ഭാര്യ : സുധ മക്കൾ : അനന്തു കാവ്യ സംസ്ക്കാരം ഇരി ങ്ങാലക്കുട മുക്തി സ്ഥാനിൽ നടന്നു.

ഇരിങ്ങാലക്കുട പ്രസ്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ ഗേൾസ് സ്കൂളിൽ ആദര സമ്മേളനം സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട: പൊതു വിദ്യാലയങ്ങളിൽ പഠനം നടത്തി ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്ന എന്ന ഉദ്യേശത്തോടെ കഴിഞ്ഞ 15 വർഷമായി ഇരിങ്ങാലക്കുട പ്രസ്സ് ക്ലബ്ബ് നൽകി വരുന്ന ആദരവിന്റെ ഭാഗമായാണ് ഗേൾസ് സ്കൂളിൽ എസ് എസ് എൽ സി , പ്ലസ് ടു, വി എച്ച് എസ് ഇ വിഭാഗങ്ങളിലായി ഏറ്റവും മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ മൊമൊന്റെയും ക്യാഷ് അവാർഡും നൽകി അഭിനന്ദിച്ചത്.

ഇരിങ്ങാലക്കുട നഗരസഭ ചെയർമാൻ എം പി ജാക്സൺ ആദര സമ്മേളനം ഉദ്ഘാടനം ചെയ്തു. ഹൈസ്കൂൾ വിഭാഗത്തിൽ വെഗാ വേണുനാഥനും, ഹയർ സെക്കൻഡറി വിഭാഗത്തിൽ ശിവനന്ദന പി എസും വി എച്ച് എസ് ഇ വിഭാഗത്തിൽ ഇസബെല്ലാ ജോസ് കെ യും പുരസ്കാരങ്ങൾ കരസ്ഥമാക്കി.പ്രസ്സ് ക്ലബ്ബ് പ്രസിഡൻറ് വി ആർ സുകുമാരൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രിൻസിപ്പാൾ ബിന്ദു പി ജോൺ, വി എച്ച് എസ് സി പ്രിൻസിപ്പാൾ ഹേന കെ ആർ, ഹെഡ്മിസ്ട്രസ് സുഷ കെ എസ്,പി ടി എ പ്രസിഡന്റ് എ വി ഷൈൻ, വിദ്യാർത്ഥി പ്രതിനിധി ആവണി കൃഷ്ണ തുടങ്ങിയവർ ആശംസകൾ നേർന്ന് സംസാരിച്ചു.

പ്രസ്ക്ലബ്ബ് സെക്രട്ടറി ടി ജി സിബിൻ സ്വാഗതവും ട്രഷറർ രാഹുൽ അശോകൻ നന്ദിയും പറഞ്ഞു.

'ഓപ്പറേഷൻ തൂഫാൻ 2.0': ഇരിങ്ങാലക്കുട നഗരസഭയിൽ ഉദ്ഘാടനം ചെയ്തു

ഇരിങ്ങാലക്കുട: ലഹരിക്കെതിരെയുള്ള സംസ്ഥാന വ്യാപക പ്രചാരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'ഓപ്പറേഷൻ തൂഫാൻ 2.0' പദ്ധതിയുടെ ഇരിങ്ങാലക്കുട നഗരസഭാതല ഉദ്ഘാടനം അയ്യങ്കാവ് മൈതാനത്ത് വെച്ച് നടന്നു. സെപ്റ്റംബർ 28 രാവിലെ 11 മണിക്ക് നടന്ന ചടങ്ങിൽ നഗരസഭാ ചെയർപേഴ്സൺ എം.പി. ജാക്സൺ ഉദ്ഘാടനം നിർവ്വഹിച്ചു.

പദ്ധതിയുടെ ഭാഗമായി നഗരസഭയിലെ ഓരോ വാർഡിൽ നിന്നും തെരഞ്ഞെടുത്ത 10 പേർ അടങ്ങുന്ന വളണ്ടിയർ സംഘത്തെ 'തൂഫാൻ വാളണ്ടിയർമാരായി' പ്രഖ്യാപിക്കുകയും അവർക്കുള്ള ബാഡ്ജുകൾ വിതരണം ചെയ്യുകയും ചെയ്തു.

വൈസ് ചെയർപേഴ്സൺ ശ്രീമതി. ചിന്താ ധർമരാജൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ നഗരസഭാ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സന്മാർ, ഇരിങ്ങാലക്കുട പോലീസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. പ്രദീപ്, നഗരസഭാ വാർഡ് കൗൺസിലർമാർ, ക്ലീൻ സിറ്റി മാനേജർ, മറ്റ് നഗരസഭാ ഉദ്യോഗസ്ഥർ എന്നിവരും ഇരിങ്ങാലക്കുട ഗേൾസ് സ്കൂളിലെ എൻ.എസ്.എസ്. വളണ്ടിയർമാരും പങ്കെടുത്തു. ചടങ്ങിൽ നഗരസഭാ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ നിസാർ സ്വാഗതം ആശംസിച്ചു.

ഉദ്ഘാടന ചടങ്ങിന് തുടർന്ന് ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിച്ചുകൊണ്ട് ഇരിങ്ങാലക്കുട ഗേൾസ് സ്കൂളിലെ എൻ.എസ്.എസ്. വിദ്യാർത്ഥികൾ അവതരിപ്പിച്ച തെരുവ് നാടകവും ലഹരിവിരുദ്ധ നൃത്തവും അരങ്ങേറി.

തുടർന്ന്, പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനത്തിന്റെ തത്സമയ സംപ്രേക്ഷണം (ഘശ്ല ടൃേലമാ) നഗരസഭാ കൗൺസിൽ ഹാളിൽ സജ്ജീകരിച്ചു. കൗൺസിലർമാരും എൻ.എസ്.എസ്. വളണ്ടിയർമാരും നഗരസഭാ ഉദ്യോഗസ്ഥരും തത്സമയ സംപ്രേക്ഷണ ചടങ്ങിൽ പങ്കെടുത്തു.

ഉപജില്ലാ കായികമേളക്ക് തുടക്കമായി

ഇരിങ്ങാലക്കുട -മൂന്ന് ദിവസങ്ങളിലായി നടക്കുന്ന പതിനാറാമത് ഇരിങ്ങാലക്കുട വിദ്യാഭ്യാസ ഉപജില്ലാ കായികമേളയ്ക്ക് ചാലക്കുടി കാർമ്മൽ ഹയർസെക്കൻററി സ്കൂളിൽ തുടക്കമായി. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എം.എസ്. രാജീവ് പതാക ഉയർത്തി.ഇരിങ്ങാലക്കുട മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ചിന്ത ധർമ്മരാജൻ ഉദ്ഘാടനം ചെയ്തു.വിദ്യാഭ്യാസ കലാ കായിക സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർപേഴ്സൺ പ്രവീൺസ് ഞാറ്റുവെട്ടി അദ്ധ്യക്ഷത വഹിച്ചു. കാർമ്മൽ സ്കൂൾ പ്രിൻസിപ്പാൾ ഫാ.ബെന്നി പേങ്ങിപറമ്പിൽ സി എം ഐ മുഖ്യാതിഥിയായിരുന്നു.

വികസന സമിതി ഭാരവാഹികളായ എൻ. പി.രജനി, ഡോ. കെ.ആർ.സുധീർ,സി.പി.ജോബി,സന്ദീപ്. എസ്.മേനോൻ, മെൽവിൻ ഡേവീസ് എന്നിവർ സംസാരിച്ചു.

വനിതാ സാഹിതി സംസ്ഥാന ജോയിന്റ് സെക്രട്ടറി ഡോക്ടർ ഡി ഷീലയുടെ അമ്മ തങ്കമ്മ

കൊച്ചി: ഡി തങ്കമ്മ (90)നിര്യാതയായി. (നന്ദനം, പുളിക്കില്ലം ഈസ്റ്റ് റോഡ് ചെമ്പുമുക്ക്) മക്കൾ. ഡി. അജിത് കുമാർ (ജുഡീഷ്യൽ മെമ്പർ, കേരള സ്റ്റേറ്റ് കൺസ്യൂമർ ഡിസ്പ്യൂട്ട് റിഡ്രസ്സൽ കമ്മീഷൻ) ഡി . സജിത് കുമാർ (ആർട്ടിസ്റ്റ് ആൻഡ് ഡബ്ബിങ് ആർട്ടിസ്റ്റ്) മരുമക്കൾ. ഡോക്ടർ കെ.ജി .വിശ്വനാഥൻ (മുൻ ആയുർവേദ കോളേജ് പ്രിൻസിപ്പൽ) പികെ വിജയലക്ഷ്മി (മുൻ സെയിൽസ് ടാക്സ് ഡെപ്യൂട്ടി കമ്മീഷണർ), പി എം വത്സമ്മ (ഡബ്ബിങ് ആർട്ടിസ്റ്റ്) സംസ്കാരം ചൊവ്വാഴ്ച രാവിലെ 11ന് കാക്കനാട് അത്താണി ശ്മശാനത്തിൽ നടത്തപ്പെട്ടു.

മാർക്ക് ലിസ്റ്റ് നഷ്ടപ്പെട്ടു

ഞാൻ Minnu M S, രജിസ്റ്റർ നമ്പർ WLAVLBA054,KMCT Law College, കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിലുള്ള BBA LL.B (Hons.) വിദ്യാർത്ഥിനിയാണ്. കാലിക്കറ്റ് സർവകലാശാലയിൽ നിന്നും ലഭിച്ച എന്റെ ഒന്നാം സെമസ്റ്റർ BBA LL.B 2021/2026 Batch Regular Exam 2022, മാർക്ക് ലിസ്റ്റ് നഷ്ടപ്പെട്ടുപോയിരിക്കുന്നു. പ്രസ്തുത രേഖ കണ്ടെത്തുന്ന പക്ഷം താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടുക.

പേര്: **Minnu MS**
രജിസ്റ്റർ നമ്പർ: **WLAVLBA054**
കോഴ്സ്: **BBA LL.B (Hons.)**
കോളേജ്: **KMCT Law College**
സർവകലാശാല: **കാലിക്കറ്റ് സർവകലാശാല**
സെമസ്റ്റർ: **ഒന്നാം സെമസ്റ്റർ Regular**
ഫോൺ: +91 80894 21377, +91 97784 78242, 9249748448

ഇലക്ട്രിക് സ്കൂട്ടറിന് രൂപകല്പനയിൽ തകരാർ, വിലയും നഷ്ടവും സഹിതം,133750 രൂപ നൽകുവാൻ വിധി

തൃശൂർ: ഇലക്ട്രിക് സ്കൂട്ടറിന്റെ തകരാറാരോപിച്ച് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂല വിധി. തൊട്ടിപ്പാൾ കാരിക്കോട്ട് വീട്ടിൽ ഡിജേഷ് .കെ .എം. ഫയൽ ചെയ്ത ഹർജിയിലാണ് തൃശൂർ തലോരിലെ റാപിഡ് മോട്ടോർസ് ഉടമക്കെതിരെയും രാജസ്ഥാനിലുള്ള ഒക്കിനാവ ആട്ടോടെക് പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിങ്ങ് ഡയറക്ടർക്കെതിരെയും ഇപ്രകാരം വിധിയായത്.ഡിജേഷ് 88750 രൂപ നൽകിയാണ് സ്കൂട്ടർ വാങ്ങുകയുണ്ടായത്. വാഹനത്തിന് വാഗ്ദാനം ചെയ്ത മൈലേജ് ലഭിച്ചിരുന്നില്ല. വാഹനത്തിന്റെ ബാറ്ററികളെല്ലാം തകരാറിലാവുകയുണ്ടായിട്ടുള്ളതാകുന്നു .കൃത്യമായി സർവ്വീസുകൾ നൽകുവാൻ എതിർകക്ഷികൾക്ക് കഴിഞ്ഞിരുന്നില്ല. വാഹനം ഉപയോഗക്ഷമമല്ലാത്ത അവസ്ഥയിലായിട്ടുള്ളതാകുന്നു. തുടർന്ന് ഹർജി ഫയൽ ചെയ്യുകയാണുണ്ടായത് കോടതി നിയോഗിച്ച വിദഗ്ദ കമ്മീഷണർ പരിശോധന നടത്തുകയുണ്ടായിട്ടുള്ളതാകുന്നു. വാഹനത്തിന്റെ രൂപകല്പനയിലെ തകരാറും നിർമ്മാണ വൈകല്യവും റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. സ്കൂട്ടർ വാങ്ങിയതിന്റെ ഫലം തന്നെ ഹർജിക്കാരന് നഷ്ടപ്പെട്ടു എന്ന് കോടതി വിലയിരുത്തി. തെളിവുകൾ പരിഗണിച്ച പ്രസിഡന്റ് സി.ടി.സാബു, മെമ്പർമാരായ ശ്രീജ.എസ്., ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃ കോടതി നിർമ്മാതാവായ ഒക്കിനാവ കമ്പനിയോട് വില 88750 രൂപയും നഷ്ടപരിഹാരമായി 30000 രൂപയും നൽകണമെന്നും വില്പനക്കാരനായ റാപിഡ് മോട്ടോർസിനോട് 15000 രൂപ നല്കണമെന്നും കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു.

ഹർജിക്കാരന് വേണ്ടി അഡ്വ. ഏ.ഡി. ബെന്നി ഹാജരായി വാദം നടത്തി.

ചന്തക്കുന്നിലെ അപകടങ്ങൾ ഒഴിവാക്കണം

ഇരിങ്ങാലക്കുടയിലെ റോഡ് വികസനം പൂർത്തിയാകാറായ സാഹചര്യത്തിൽ ഠാണാവിലും ചന്തക്കുന്നിലും തിരക്ക് കുറക്കുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനുമായി സിഗ്നൽ സമ്പ്രദായം ഏർപ്പെടുത്തണമെന്നാണ് ജനങ്ങൾ ആവശ്യപ്പെടുന്നു. എന്നാൽ അതിനെ കുറിച്ച് ജന പ്രതിനിധികൾ മുൻ കയ്യെടുക്കുന്നില്ലന്നും അഭിപ്രായമുണ്ട്. അടുത്ത ദിവസം തിരു വനന്തപുരത്ത് നടന്ന മന്ത്രി തല ചർച്ചയിൽ ഇരിങ്ങാലക്കുട ഠാണാവിലും ചന്തക്കുന്നിലും ഓട്ടോമാറ്റിക്ക് സിഗ് നൽ സമ്പ്രദായം നടപ്പിലാക്കുന്നതിനെ കുറിച്ച് ഒരു ചർച്ചയും നടന്നതായി കാണുന്നില്ലെന്നാണ് നാട്ടുകാർ പരാതിപ്പെടുന്നത്.

വിമുക്തഭടന്മാരുടെ തൊഴിൽ രജിസ്ട്രേഷൻ പുതുക്കാം

തൃശൂർ: 20 ആഗസ്റ്റ് 31 വരെയുള്ള കാലയളവിൽ വിവിധ കാരണങ്ങളാൽ തൊഴിൽ രജിസ്ട്രേഷൻ റദ്ദായി സീനിയോറിറ്റി നഷ്ടമായ വിമുക്തഭടന്മാരായ ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ പുതുക്കി സീനിയോറിറ്റി നിലനിർത്തുന്നതിന് ഒക്ടോബർ 31 വരെ ജില്ലാ സൈനികക്ഷേമ ഓഫീസിൽ അവസരമുണ്ടായിരിക്കുമെന്ന് ജില്ലാ സൈനികക്ഷേമ ഓഫീസർ അറിയിച്ചു. റദ്ദായ രജിസ്ട്രേഷൻ പുതുക്കുന്നതിന് തൊഴിൽ രജിസ്ട്രേഷൻ കാർഡ് സഹിതം ജില്ലാ സൈനികക്ഷേമ ഓഫീസിൽ ഒക്ടോബർ 31-നകം ബന്ധപ്പെടണം.

കോടതി പരസ്യം

ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ

OP. 12/2026

അസൂറ, 30 വയസ്സ്, D/o. ഉമ്മർ, പടിഞ്ഞാറയിൽ ഹൗസ്, ബ്രഹ്മകുളം, എളവള്ളി വില്ലേജ്, ചിറ്റാട്ടുകര പി.ഒ. ചാവക്കാട്, താലൂക്ക്, തൃശ്ശൂർ 680 511 represented by her power of attorney holder uncle, മുഹമ്മദ്, 62 വയസ്സ്, S/o. മൂസകുട്ടി, പുളിച്ചാരം വീട്ടിൽ ഹൗസ്, ചെന്ത്രാപ്പിന്നി പി.ഒ. 680687 തൃശ്ശൂർ

-ഹർജിക്കാരി

ഫൈസൽ, 41 വയസ്സ്, S/o.അബൂബക്കർ, തെരുവത്ത് വീട്ടിൽ, തിരുവത്ര പി.ഒ, എടക്കഴിയൂർ വില്ലേജ്, ചാവക്കാട് താലൂക്ക്, തൃശ്ശൂർ-680516

-എതൃകക്ഷി

മേൽ നമ്പറിൽ എത്യകക്ഷികൾ ഹർജിക്കാരിയിൽ നിന്നും പലതവണകളായി കൈപറ്റിയ സ്വർണ്ണാഭരണങ്ങളും പൈസയും തിരികെ ലഭിക്കുന്നതിന് ആവശ്യപ്പെട്ട് ഹരജി ബോധിപ്പിച്ചുള്ളതാണ്. ആയതിൽ ഒന്നാം എതകക്ഷി മനഃപൂർവ്വം സമൻസ് കൈപ്പറ്റാതെ നിരസ്സിച്ചുകൊണ്ടിരിക്കുകയാൽ ബഹു. കോടതി കൽപനപ്രകാരം പത്രപരസ്യത്തിലൂടെ സമൻസ് നടത്താൻ ഉത്തരവായിട്ടുള്ളതാണ്. മേൽ നമ്പർ ഹരജി **01-10-2026** തിയ്യതി വിചാരണക്ക് വെച്ചിട്ടുള്ളതും ടി കാര്യത്തിൽ ആക്ഷേപമുണ്ടെങ്കിൽ ടി തിയ്യതി രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം മേൽ നമ്പർ ഹരജി തീർപ്പ് കൽപ്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 2016 സെപ്റ്റംബർ മാസം 02
ഹർജിഭാഗം അഡ്വക്കെറ്റ്
ഇക്ബാൽ എ മുഹമ്മദ് (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ കുടുംബ കോടതി മുമ്പാകെ

OP: 1394/2025

സേതുലക്ഷ്മി വി എ, D/o. ആനന്ദൻ, വടക്കേടത്ത് വീട്ടിൽ, അരിമ്പൂർ പി ഒ, തൃശൂർ

-ഹർജിക്കാരി

ഗിരീഷ് പി ആർ, S/o. രാജൻ, പടിഞ്ഞാറേക്കര നാലുപുര ഹൗസ്, പുല്ലിശ്ശേരി പി ഒ., പാലക്കാട്

-1-ാം എതൃകക്ഷി

മേൽ നമ്പറിൽ 1-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ കൽപ്പിച്ച് കേസ് **16-10-2026** തിയ്യതിലേക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പാക്കു ന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന് 29-9-2026
ഹരജി ഭാഗം അഡ്വക്കെറ്റ്
ബിജി ആർ (ഒപ്പ്)